**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **28-07-2021 - ൽ മറുപടിയ്ക്ക്**

**ആമിന അബ്ദുൾ ഖാദർ കൊലപാതക കേസിന്റെ അന്വേഷണപുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ട്യാർ പിള്ളിൽ വീട്ടിൽ ആമിന അബ്ദുൾ ഖാദർ(66) കൊലപാതക കേസിന്റെ അന്വേഷണപുരോഗതി വിശദമാക്കാമോ; | (എ) | പ്രസ്തുത കേസ് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 434/2021 U/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവേ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണപ്പെട്ട ആമിനയെ ആരോ ശ്വാസം മുട്ടിച്ച് അബോധാവസ്ഥയിൽ വെള്ളത്തിൽ തള്ളിയിട്ട് കൊലപ്പെടുത്തിയതാണെന്നും ടിയാൾ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തതായി വെളിവായതിന്റെയും അടിസ്ഥാനത്തിൽ ടി കേസ്, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 397, 302 വകുപ്പുകൾ പ്രകാരമാക്കി മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘം രൂപീകരിച്ച് ശാസ്ത്രീയവും ഊർജ്ജിതവുമായ അന്വേഷണം നടത്തി വരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. |
| (ബി) | കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈംനമ്പർ 434/2021 u/s 174 crpc പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത കേസിൽ പ്രതികളെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത കേസ് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 434/2021 U/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവേ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണപ്പെട്ട ആമിനയെ ആരോ ശ്വാസം മുട്ടിച്ച് അബോധാവസ്ഥയിൽ വെള്ളത്തിൽ തള്ളിയിട്ട് കൊലപ്പെടുത്തിയതാണെന്നും ടിയാൾ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തതായി വെളിവായതിന്റെയും അടിസ്ഥാനത്തിൽ ടി കേസ്, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 397, 302 വകുപ്പുകൾ പ്രകാരമാക്കി മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘം രൂപീകരിച്ച് ശാസ്ത്രീയവും ഊർജ്ജിതവുമായ അന്വേഷണം നടത്തി വരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേസന്വേഷണം ഊർജ്ജിതമാക്കി കുറ്റവാളികളെ വേഗത്തിൽ കണ്ടെത്തുന്നതിനായി പുതിയ അന്വേഷണ ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | തുടരന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറുന്നതിന് വേണ്ടിയുള്ള നടപടികൾ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ